നം.ക്യു.ഐ.പി.1/37637/2019/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 03/01/2020

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : 'നൈതികം '-ഭരണ ഘടന വാർഷികാചരണം -നടത്തിപ്പ് -സംബന്ധിച്ച്
സംബന്ധിച്ച്.

സൂചന : എസ് .സി.ഇ.ആർ .ടി ഡയറക്ടറുടെ ഇത് സംബന്ധിച്ച നിർദ്ദേശം

..................

ഭരണ ഘടനയുടെ വാർഷികാചരണവുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി തയാറാക്കിയ മാർഗനിർദേശങ്ങൾ തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു

വിശ്വസ്തതയോടെ

സന്തോഷ്. സി.എ

പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറകടർ (അക്കാഡമിക്)

ഉള്ളടക്കം :- ഇത് സംബന്ധിച്ച നിർദ്ദേശം

Scanned by CamScanner

# നൈതികം

## (ഭരണഘടന വാർഷികാഘോഷം)

**2020 ജനുവരി 26 ന്റെ ഭരണഘടനാസംരക്ഷണദിനവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ**

ഭരണഘടനയുടെ 70-ാം വാർഷികവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ **"സ്കൂൾ മാതൃകാ ഭരണഘടന"** തയാറാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഏതാനും സ്കൂളുകളിൽ വേണ്ട രീതിയിൽ പ്രവർത്തനങ്ങൾ നടന്നിട്ടില്ലായെന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

ജനുവരി 26 ന് സംസ്ഥാന/ജില്ല/ഉപജില്ലാതലത്തിൽ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട "സ്കൂൾ മാതൃകാ ഭരണഘടന"യ്ക്കുള്ള സമ്മാനങ്ങൾ നൽകേണ്ടതുണ്ട്. നിർദേശിക്കപ്പെട്ട രീതിയിൽ സ്കൂൾ മാതൃകാഭരണഘടന തയാറാക്കാത്ത വിദ്യാലയങ്ങൾ 2020 ജനുവരി 6-ാം തീയതിക്കകം സ്കൂൾതല പ്രവർത്തനങ്ങൾ പൂർത്തിയാക്കി "സ്കൂൾ മാതൃകാ ഭരണഘടന" തയാറാക്കി അതാതു ബി.ആർ.സി കളിൽ ഏൽപ്പിക്കേണ്ടതും ആയതിന്റെ കോപ്പി സ്കൂളുകളിൽ സൂക്ഷിക്കേണ്ടതുമാണ്. വിതരണം ചെയ്യപ്പെട്ട കാർട്ടൂൺ കാർഡുകൾ, പോസ്റ്ററുകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുകയും മനോഹരമായി പ്രദർശിപ്പിക്കുകയും വേണം.

### നിർദേശങ്ങൾ

**ഉപജില്ല / ബി.ആർ.സി തലം**

1. ജനുവരി 6-ാം തീയതി വരെ ബി.ആർ.സി കളിൽ ലഭിക്കുന്ന മാതൃകാസ്കൂൾ ഭരണഘടന മത്സരത്തിന് പരിഗണിക്കേണ്ടതാണ്.
2. ബി.ആർ.സി തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മൂന്നു മാതൃകാ ഭരണഘടനയ്ക്ക് സമ്മാനം നൽകേണ്ടതാണ്.
3. ജനുവരി 26 ന് ഉപജില്ല/ബി.ആർ.സി.തല ഭരണഘടനാ സംരക്ഷണദിനം ആചരിക്കേണ്ടതാണ്. ഇതിനുള്ള സംഘാടനച്ചുമതല എ.ഇ.ഒ നിർവഹിക്കണം. ജനകീയ പങ്കാളിത്തത്തോടെയാവണം സംഘാടനം. ഒരു നിയമവിദഗ്ധനെ കൂടി ഉൾപ്പെടുത്തണം.
4. മുഴുവൻ ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകളിൽ മാതൃകാഭരണഘടനാ നിർമാണം നടന്നുവെന്ന് ഹയർസെക്കന്ററി ജില്ലാ കോർഡിനേറ്റർ, ഡി.ഇ.ഒ, എ.ഇ.ഒ., ബി.പി.ഒ മാർ ഉറപ്പുവരുത്തേണ്ടതാണ്.
5. തിരഞ്ഞെടുക്കപ്പെട്ട മാതൃകാഭരണഘടനകൾ ജനുവരി 8-നകം ഡയറ്റിൽ ഏൽപ്പിക്കേണ്ടതാണ്.

**ജില്ലാതല നിർദേശങ്ങൾ**

1. ബി.ആർ.സി.തലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മാതൃകാഭരണഘടനയിൽ നിന്നും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകേണ്ടതാണ്.
2. ജില്ലയിലെ ഒരു ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളിൽവച്ച് ജില്ലാതല ഭരണഘടനാ സംരക്ഷണദിനം ആചരിക്കേണ്ടതാണ്.



Scanned by CamScanner

3. വിദ്യാഭ്യാസ ഉപഡയറക്ടർക്കായിരിക്കും ജില്ലാതല പരിപാടിയുടെ സംഘാടനച്ചുമതല. RDD/AD/DIET Principal/DPC എന്നിവരെയും ജനപ്രതിനിധികളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്. പരിപാടിയിൽ ഒരു നിയമവിദഗ്ധനെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

4. ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട മാതൃകാഭരണഘടന ജനുവരി 14-നകം എസ്.സി.ഇ.ആർ.ടി.യിൽ എത്തിക്കേണ്ടതാണ്.

**സംസ്ഥാനതലം**

1. ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട മാതൃകാ ഭരണഘടനകളിൽ നിന്നും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുന്ന സ്കൂളുകളെ ആദരിക്കലും സമ്മാനവിതരണവും ജനുവരി 26 നു നടക്കുന്ന സംസ്ഥാനതല ഭരണഘടനാ സംരക്ഷണദിനത്തിൽ നടക്കുന്നതാണ്.

2. സംസ്ഥാനതല സംഘാടനത്തിന്റെ ചുമതല എസ്.സി.ഇ.ആർ.ടി.യ്ക്കായിരിക്കും.

3/1/2020

Scanned by CamScanner